File No.CLAD-C2/194/2018-CLAD

6345

18 JUN 2018

കേരള സർക്കാർ

<u>സംഗ്രഹം</u>

സാംസ്കാരിക കാര്യ വകുപ്പ്-യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി-കൂടുതൽ കലാരൂപങ്ങളെ ഉൾപ്പെടുത്തിയും, പദ്ധതിയുടെ മാർഗ്ഗരേഖ ഭേദഗതി ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാംസ്കാരികകാര്യ (സി)വകുപ്പ്

സ.ഉ.(കൈ) നം.23/2018/സാം.കാ.വ തീയതി, തിരുവനന്തപുരം, 14/06/2018

---

പരാമർശം:- 1 സ.ഉ.(എം.എസ്)നം.28/2018/സാം.കാ.വ തീയതി 10/10/2017.

2 സ.ഉ (എം.എസ്)നം.11/2018/സാം.കാ.വ തീയതി 27/02/2018.

3 സാംസ്കാരിക ഡയറക്ടറുടെ 03/05/2018-ലെ എ5-2339/17/സാം.വ നമ്പർ കത്ത്

<u>ഉത്തരവ്</u>

സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ, സെലക്ഷൻ പാനൽ എന്നിവ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്തിന്റെ കലാ സാംസ്കാരിക വൈവിധ്യം കണക്കിലെടുത്ത് കൂടുതൽ കലാരൂപങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും വിവിധ കലാരൂപങ്ങൾക്കായി നീക്കിവച്ച ഫെലോഷിപ്പുകളുടെ എണ്ണം പുനഃനിശ്ചയിക്കുന്നതിനും പദ്ധതിയുടെ മാർഗ്ഗരേഖ ഭേദഗതി ചെയ്യുന്നതിനും പരാമർശം(3)പ്രകാരം സാംസ്കാരിക ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതിയിൽ അഞ്ച് കലാരൂപങ്ങളെ പുതുതായി ഉൾപ്പെടുത്തിക്കൊണ്ടും ഫെലോഷിപ്പുകളുടെ എണ്ണം പുനഃനിശ്ചയിച്ചും പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും, പുതുതായി ഉൾപ്പെടുത്തിയ കലാരൂപങ്ങളും സെലക്ഷൻ പാനലും അംഗീകരിച്ച് അനുബന്ധമായി

ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത.കെ
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, സാംസ്കാരിക വകുപ്പ്
ബന്ധപ്പെട്ട വ്യക്തികൾക്ക് (ഡയറക്ടർ മുഖേന)
ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Indhu
സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

**<u>യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ</u>**

പദ്ധതി പൂർണ്ണരൂപത്തിൽ നടപ്പിലാക്കുന്നതിനായി അധികമായി ഉൾപ്പെടുത്തിയ കലാരൂപങ്ങൾ, ഫെലോഷിപ്പ് എണ്ണം, വിദഗ്ധ സമിതി അംഗം, യോഗ്യത നേടേണ്ട സ്ഥാപനം എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കലാരൂപം | ഫെലോഷിപ്പ് എണ്ണം | വിദഗ്ധ സമിതി അംഗങ്ങൾ | യോഗ്യത നേടേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | തോൽപ്പാവക്കൂത്ത് | 10 | ശ്രീ. രാമചന്ദ്ര പുലവർ<br>ശ്രീ. പുഷ്പരാജ് പുലവർ | ഫോക് ലോർ കലാ രൂപങ്ങൾക്ക് സ്ഥാപനങ്ങളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ നിഷ്കർഷിച്ചിട്ടില്ല. |
| 2 | കാക്കാരശ്ശി നാടകം | 10 | വെട്ടൂർ സുശീലൻ<br>ഹരികുമാർ, ഗുരുകൃപ<br>താവർക്കുടി സുരേന്ദ്രനാഥ് | |
| 3 | കഥാ പ്രസംഗം | 20 | അയിലം ഉണ്ണിക്കൃഷ്ണൻ<br>ചിറക്കര സലിംകുമാർ | എസ്.എം.വി. കഥാപ്രസംഗ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട്, മറ്റ് അംഗീകൃത സ്ഥാപനങ്ങൾ |
| 4 | ഇന്ദ്രജാലം | 20 | ഗോപിനാഥ് മുതുകാട്<br>മജീഷ്യൻ സാമ്രാജ് | കേരള സർവ്വകലാശാല |

1. ഗുരുകുല സമ്പ്രദായത്തിൽ പരിശീലനം ആർജ്ജിച്ച് വൈദഗ്ധ്യം നേടുന്ന ഫോക് ലോർ കലാരൂപങ്ങളിൽ മിക്കവയ്ക്കും ആവശ്യത്തിന് കലാകാരന്മാരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിദഗ്ധരായ കലാകാരന്മാരുടെ ലഭ്യതക്കുറവ് കണക്കിലെടുത്ത് ഫോക് ലോർ കലാവിഭാഗത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള ഉയർന്ന പ്രായപരിധി

35-ൽ നിന്നും 40 വയസ്സായി ഉയർത്തി നിശ്ചയിക്കുന്നു.

2. പുതിയ കലാരൂപങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി വിവിധ കലാരൂപങ്ങൾക്കായുള്ള ഫെലോഷിപ്പിന്റെ വിതരണം ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പുന:നിശ്ചയിക്കുന്നു (നിലവിലുള്ള ഫെലോഷിപ്പ് എണ്ണം ബ്രാക്കറ്റിൽ)

കഥകളി 75(100), 2. മേളം 25 (25), 3. കൂടിയാട്ടം 25(25), 4. തുള്ളൽ 25(25), 5.സംഗീതം 100(125), 6. നൃത്തം 100(100), 7. നാടകം 100(100), 8. പെയിന്റിംഗ് 100(135), 9.ശില്പകല 75(75), 10. കാർട്ടൂൺ 20(10), 11.അപ്ലൈഡ് ആർട്ട് 10(10), 12. ഇൻ സ്റ്റലേഷൻ 5(5), 13. ഫോട്ടോഗ്രാഫി 15(10), 14. ന്യൂ മീഡിയ 5 (5), 15. ചുമർ ചിത്രകല 15(10), 16. തെയ്യം 30(50), 17.തിറ 15(15), 18. പൂരക്കളി, മറത്തുകളി 25 (30) 19. കണ്യാർകളി 10 (10), 20.നാടൻപാട്ട് 20(10), 21. ചവിട്ടുനാടകം, മാർഗ്ഗം കളി 15(15), 22. മുടിയേറ്റ് 15(15), 23. പടയണി 15(15), 24. മാപ്പിളകലകൾ 20(20), 25. കോൽക്കളി 15(20), 26.വിൽപ്പാട്ട് 10 (10), 27. തിരുവാതിരക്കളി 20(20), 28. പാക്കനാർ തുള്ളൽ 10(8), 29. വഞ്ചിപ്പാട്ട് 15(7), 30. ഗദ്ദിക 10(5)

പുതുതായി ചേർക്കുന്ന കലാരൂപങ്ങളായ തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നിവ ഫോക് ലോർ വിഭാഗത്തിലും കഥാപ്രസംഗം, ഇന്ദ്രജാലം എന്നിവയെ അഭിനയകല എന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്ലാസിക്കൽ കല, അഭിനയകല, ലളിതകല, ഫോക് ലോർ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കലാരൂപങ്ങൾക്കുള്ള ഫെലോഷിപ്പുകൾ പുന:നിശ്ചയിക്കുമ്പോൾ ഓരോ വിഭാഗത്തിനും യഥാക്രമം 350, 140, 245, 265 വീതം ഫെലോഷിപ്പുകൾ അനുവദനീയമാണ്.

3. ഫെലോഷിപ്പ് കലാകാരന്മാരായി തെരഞ്ഞെടുക്കപ്പെടാനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപന പരസ്യം, ദിനപ്പത്രം, വാരികകൾ, മറ്റ് മാധ്യമങ്ങൾ എന്നിവ മുഖേന സാംസ്കാരിക വകുപ്പ് ഡയറക്ടർ പുറപ്പെടുവിക്കുന്നതാണ്.

4. അപേക്ഷകൾ 'ഓൺ ലൈൻ' മാർഗ്ഗം മാത്രം സ്വീകരിക്കുന്നതും കേരള കലാമണ്ഡലം, ബന്ധപ്പെട്ട അക്കാദമികൾ എന്നിവയുടെ സഹകരണത്തോടെ തെരഞ്ഞെടുപ്പ് പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്.

5. തെരഞ്ഞെടുക്കപ്പെട്ട ഫെലോഷിപ്പ് കലാകാരന്മാർക്ക് കില - തൃശ്ശൂർ, ഐ.എം.ജി.- തിരുവനന്തപുരം അല്ലെങ്കിൽ മതിയായ സൗകര്യം ലഭ്യമായ മറ്റ് സർക്കാർ, സർക്കാരിതര അല്ലെങ്കിൽ പ്രമുഖ സന്നദ്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വച്ച് പരിശീലനം നൽകുന്നതാണ്.

6. 5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെയും 11-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെയും

പദ്ധതിയിൻ കീഴിൽ പരിശീലിപ്പിക്കുന്നതാണ്.

7. വിദ്യാലയങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള കമ്മ്യൂണിറ്റി കേന്ദ്രങ്ങൾ എന്നിവയ്ക്ക് പുറമേ സ്ഥല സൗകര്യം ലഭ്യമായ പ്രമുഖ വായന ശാലകൾ, സാംസ്കാരിക ഭവനുകൾ, പ്രമുഖ കലാ സാംസ്കാരിക സമിതികൾ, വിദ്യാലയങ്ങൾ എന്നിവ കൂടി ഫെലോഷിപ്പ് കലാകാരന്മാരെ വിന്യസിക്കുന്ന ക്ലസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നതാണ്.

8. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിനാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ നിർണ്ണായകമാണ്. ജനപ്രതിനിധികളുടേയും കോ-ഓർഡിനേറ്റർമാരുടേയും നേതൃത്വം അംഗീകരിച്ച് ഫെലോഷിപ്പ് കലാകാരന്മാർ പ്രവർത്തിക്കേണ്ടതാണ്.

9. സംഗീതോപകരണങ്ങൾ കൂടാതെ കലാപരിശീലനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ എന്നിവയും സാംസ്കാരിക വകുപ്പ് മുഖേന ലഭ്യമാക്കുന്നതാണ്.